

*കാർഷിക പ്രദർശനങ്ങളുടെ ഉദ്ഘാടനശേഷം മന്ത്രി ഇ. ചന്ദ്രശേഖരൻ സ്റ്റാളുകൾ സന്ദർശിക്കുന്നു*

MD dt. 6/1/18

# സി.പി.സി.ആർ.ഐ കാർഷികപ്രദർശനം തുടങ്ങി

**കാസർകോട്:** കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം സ്ഥാപകദിനത്തിന്റെയും കാസർകോട് കൃഷി വിജ്ഞാന കേന്ദ്രം രജതജൂബിലിയുടെയും ഭാഗമായി കാസർകോട് സി.പി.സി.ആർ.ഐ കാമ്പസിൽ നടക്കുന്ന കാർഷികമേളയിലെ കാർഷിക വ്യവസായിക പ്രദർശനം തുടങ്ങി.

മന്ത്രി ഇ. ചന്ദ്രശേഖരൻ ഉദ്ഘാടനംചെയ്തു. രാജ്യത്തിന്റെ വിഭവസമാഹരണത്തിൽ പ്രധാനപങ്ക് വഹിക്കുന്ന കാർഷികമേഖലക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്ന് മന്ത്രി പറഞ്ഞു.

വ്യവസായമേഖലക്ക് ലഭിക്കുന്ന മുന്തിയ പരിഗണന കാർഷികമേഖലക്കും കർഷകർക്കും ലഭിക്കുന്നില്ല.

സി.പി.സി.ആർ.ഐ പോലെയുള്ള സ്ഥാപനങ്ങൾ നടത്തുന്ന ഗവേഷണങ്ങൾ കാർഷികമേഖലക്കും കർഷകർക്കും ഉത്തേജനമാകുന്നുണ്ട്. എന്നിരുന്നാലും ഈ ഗവേഷണങ്ങളുടെ ഗുണം പൂർണമായ അർഥത്തിൽ ജനങ്ങളിലേക്കെത്തണമെന്നും അദ്ദേഹം പറഞ്ഞു.

സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ. പി. ചൗഡപ്പ, കാസർകോട് പ്രിൻസിപ്പൽ കൃഷി ഓഫിസർ ടി.ആർ. ഉഷാദേവി, ഐ.എം.സി അംഗം പി. സുരേഷ്കുമാർ ഷെട്ടി, സംഘാടകസമിതി കൺവീനർ ഡോ. സി. തമ്പാൻ എന്നിവർ സംസാരിച്ചു.